## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 940 — 30.10.2019-ൽ മറുപടിയ്ക്ക്.

# പാലിന്റെ ഗുണ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഉപഭോഗത്തിനായി ഏതൊക്കെ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പാൽ കൊണ്ടുവരുന്നുണ്ടെന്ന് വിശദമാക്കാമോ ; | (എ) കേരളത്തിലെ ഉപഭോഗത്തിനായി പ്രധാനമായും തമിഴ്നാട്ടിൽ നിന്നുമാണ് പാൽ കൊണ്ടു വരുന്നത്. എന്നാൽ ഓണം പോലുള്ള ഉത്സവ സീസണുകളിൽ തമിഴ്നാടിന് പുറമെ കർണ്ണാടകത്തിൽ നിന്നും പാൽ കൊണ്ടു വരുന്നു. |
| (ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (ബി) ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അതിർത്തി ചെക്ക്പോസ്റ്റുകളായ ആര്യങ്കാവ്, മീനാക്ഷിപുരം എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ ക്ഷീര വികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ ആഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്.<br>ഇതിനു പുറമേ മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെ നിന്നുള്ള NABL Accreditated ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റ് ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലറ്റിക്കൽ |

| | | |
|---|---|---|
| | | ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. |
| (സി) | സംസ്ഥാനാതിർത്തികളിൽ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടോ ; വിശദവിവരങ്ങൾ നൽകാമോ ; | (സി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ ഗുണനിലവാര പരിശോധനയ്ക്കുള്ള സ്ഥിരം ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നത്. |
| (ഡി) | അതിർത്തികളിൽ സ്ഥിരം പരിശോധനാ സംവിധാനം ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവടങ്ങളിൽ സ്ഥിരം പരിശോധനാ സംവിധാനം നിലവിലുണ്ട്. മറ്റ് അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**